LBRD-C4/170/2025-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജീവനക്കാര്യം -ആറ്റിങ്ങൽ ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീമതി.ഷൈമ.ടി.എസിനു പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.804/2026/LBR തീയതി,തിരുവനന്തപുരം, 24-07-2026

---

പരാമർശം:-
1. സ.ഉ.(പി) നം.112/2017/ധന തീയതി 24/08/2017
2. ആറ്റിങ്ങൽ ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീമതി.ഷൈമ.ടി.എസ് 08/04/2025 തീയതിയിൽ സമർപ്പിച്ച അവധി അപേക്ഷ.
3. ട്രെയിനിംഗ് ഡയറക്ടറുടെ 05/07/2025, 21/04/2026 എന്നീ തീയതികളിലെ ഡി.ടി/1949/2025/A7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള ആറ്റിങ്ങൽ ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീമതി.ഷൈമ.ടി.എസിനു ഔദ്യോഗിക കൃത്യനിർവഹണം കഴിഞ്ഞ് തിരികെ പോകുമ്പോൾ അപകടം സംഭവിച്ചതിനാൽ 27/02/2025 മുതൽ 24/05/2025 വരെ (87 ദിവസം) പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി പരാമർശം 2 പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ ശുപാർശ ചെയ്ത് പരാമർശം 3 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലാണ് അപകടം സംഭവിച്ചത് എന്ന് പരാമർശം 3-ൽ ട്രെയിനിംഗ് ഡയറക്ടർ വ്യക്തമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അപകടം സംഭവിച്ച് പരിക്ക് പറ്റുകയും ജോലിയ്ക്ക് ഹാജരാവാൻ കഴിയാതിരുന്നതുമായ സാഹചര്യത്തിൽ പരാമർശം 3 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീമതി.ഷൈമ.ടി.എസിനു കെ.എസ്.ആർ, ഭാഗം I, ചട്ടം 98-ഉം അതിന് ചുവടെയുള്ള നിബന്ധനയും പ്രകാരം 27/02/2025 മുതൽ 24/05/2025 വരെ പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൽ കലാം എം
അഡിഷണൽ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി.ഷൈമ.ടി.എസ്, സീനിയർ ഇൻസ്ട്രക്ടർ, ഐ.ടി.ഐ, ആറ്റിങ്ങൽ (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Usha Rani L
Date: 24-07-2026
12:36:46
സെക്ഷൻ ഓഫീസർ